**പഞ്ചായത്ത് കുളത്തിന്റെയും കിണറിന്റെയും കമ്മ്യൂണിറ്റി ഹാളിന്റെയും അറ്റകുറ്റപ്പണികൾ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ചെയ്യാൻ കഴിയുമോ?**

2004 ഡിസംബർ 9-ാം തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 330/2004/തസ്വഭവ പ്രകാരം മെയിന്റനൻസ് ഗ്രാന്റ് വിനിയോഗത്തെ സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ 4.1 നിബന്ധന പ്രകാരം ഓല മേഞ്ഞ മേൽക്കൂരകൾ, സ്ഥിരമായതോ ഏകദേശം സ്ഥിരമായതോ ആയ മേൽക്കൂര ആക്കി മാറ്റുന്നത് ഉൾപ്പെടെ സ്ക്കൂളുകളുടെ മെയിന്റനൻസിനാണ്. റോഡ് ഒഴികെയുള്ള ആസ്തികളുടെ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിന് ഒന്നാമത്തെ മുൻഗണന നൽകേണ്ടതുണ്ട്. ആശുപത്രികൾ ഉൾപ്പെടെ, ആശുപത്രികളിലെ ഫർണീച്ചറുകളുടേയും ഉപകരണങ്ങളുടേയും മെയിന്റനൻസിനാണ് രണ്ടാമത്തെ മുൻഗണന നൽകേണ്ടത്. മൂന്നാമത്തെ മുൻഗണന അംഗൻവാടികളുടെയും തദ്ദേശഭരണ സ്ഥാനപങ്ങൾക്ക് കൈമാറിക്കിട്ടിയ ഹോസ്റ്റലുകളുടേയും മെയിന്റനൻസിന് നൽകണം. അറ്റകുറ്റപ്പണി നടത്തേണ്ടതിന്റെ ആവശ്യമനുസരിച്ച് മറ്റ് മുൻഗണനകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തീരുമാനിക്കാവുന്നതാണ്.

30.01.2004 ലെ 75326/എഫ്.എം/07/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ ഓഫീസ് കെട്ടിടങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, തെരുവുവിളക്കുകൾ തുടങ്ങിയ തനത് ആസ്തികളുടെ സംരക്ഷണത്തിനും നിർമ്മാണത്തിനും മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്നത് ശരിയല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മെയിന്റനൻസ് ഗ്രാന്റിന്റെ ചെലവാക്കൽ 9/12/2009 ലെ 330/2004/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായിരിക്കണം.

കുളങ്ങളുടേയും, കിണറുകളുടേയും, സംരക്ഷണ പ്രവർത്തനങ്ങൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മാർഗ്ഗരേഖയ്ക്ക് വിധേയമായി 40:60 മെറ്റീരിയൽ കോസ്റ്റും ലേബർ കോസ്റ്റും അനുപാതത്തിൽ വിനിയോഗിക്കുന്നതിനുള്ള അനുവാദം സർക്കാരിൽ നിന്നും ലഭ്യമാക്കി ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.